**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **29.10.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 585**

**ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ ഒന്നാം ഘട്ടമായ 48 കി.മി 2013 ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ടമായ കൊച്ചി-മാംഗ്ലൂർ (444 കി.മി) പൈപ്പ് ലൈനിന്റെ കൊച്ചി മുതൽ കൂറ്റനാട് വരെ (97 കി.മി) 2019 ജൂണിൽ കമ്മീഷൻ ചെയ്തു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള 347 കി.മീറ്ററിൽ പ്രധാനമായും 5 നദികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി മാത്രമേ ബാക്കിയുള്ളൂ. കൂറ്റനാട്-വാളയാർ സെക്ഷനിൽ (ബാംഗ്ലൂർ ലൈൻ-93.8 കി.മി) 78% വെൽഡിംഗ് പൂർത്തീകരിച്ചു കഴിഞ്ഞു. |
| (ബി) | കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്നും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എത്ര രൂപ ഇതുവരെയായി ഭൂവുടമകൾക്ക് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | കണ്ണൂർ ജില്ലയിൽ പൈപ്പ് ലൈനിന്റെ ആകെ നീളം 83.5 കി മീറ്റർ ആണ്. ആകെയുള്ള 83.5 കി.മീറ്ററിലും പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. കണ്ണൂർ ജില്ലയിൽ നാളിതുവരേയ്ക്കും ഭൂമിയിലെ വിളകൾക്കും നാശനഷ്ടങ്ങൾക്കുമായി 40.86 കോടി രൂപയും, ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയുടെ വിലയായി 1.93 കോടി രൂപയും, ഭൂവുടമകൾക്ക് നല്കിക്കഴിഞ്ഞു. 10 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് 5 ലക്ഷം രൂപ പാക്കേജ് ഇനത്തിൽ 1.05 കോടി രൂപയും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**